# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1338 — 13.07.2016 ൽ മറുപടിയ്ക്ക്

## ടോട്ടൽ ഫോർയു തട്ടിപ്പ് കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ഡോ.എൻ.ജയരാജ് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ടോട്ടൽ ഫോർയു തട്ടിപ്പ് കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) ടോട്ടൽ ഫോർ യു തട്ടിപ്പ് സംബന്ധിച്ച് ശബരീനാഥ് മുഖ്യപ്രതിയായി തിരുവനന്തപുരം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിരുന്ന 34 കേസുകളിൽ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിയിരുന്നു. അവയിൽ 33 കേസുകളിൻമേൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹു.തിരുവനന്തപുരം ACJM കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും, ഒരു കേസ് ഫാൾസായി പരിഗണിക്കുവാൻ റഫർ ചാർജ് ഹാജരാക്കിയിട്ടുള്ളതുമാണ്. |
| (ബി) പ്രസ്തുത കേസിന്റെ വെളിച്ചത്തിൽ എത്ര പേർ തട്ടിപ്പിന് ഇരയായെന്നും;ഇതിലൂടെ എത്ര രൂപയുടെ തട്ടിപ്പാണ് നടന്നതെന്നും വ്യക്തമാക്കുമോ; | (ബി) 500-ഓളം പേർ തട്ടിപ്പിനിരയായതായും, 50 കോടിയോളം രൂപയുടെ തട്ടിപ്പ് നടന്നതായും വെളിവായിട്ടുണ്ട്. |
| (സി) പ്രസ്തുത തട്ടിപ്പിനിരയായവർക്ക് നഷ്ടപ്പെട്ട തുക ഈടാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (സി) ടോട്ടൽ ഫോർ യു തട്ടിപ്പ് കേസുകളുടെ വിചാരണ ബഹു.തിരുവനന്തപുരം ACJM കോടതിയിൽ നടന്നു വരുന്നു. തട്ടിപ്പിനിരയായവർക്ക് നഷ്ടപ്പെട്ട തുക ലഭ്യമാക്കുന്നത്, കോടതി വിധിക്ക് വിധേയമായാണ്. അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്ത സ്വത്തുവകകൾ, നിക്ഷേപകർക്ക് നൽകുന്നതിനുള്ള നടപടികൾ കോടതി നിയോഗിച്ച Official Receiver സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ